✎ ടി.കെ ഉബൈദ്



# സൂറ – 31 / ലുഖ്മാന്‍

## സൂക്തം: 34

ജനിച്ചവരൊക്കെ മരിക്കുന്നത് അനുഭവ യാഥാര്‍ഥ്യമാകയാല്‍ താന്‍ മരിക്കുമെന്ന് എല്ലാവര്‍ക്കും ഉറപ്പാണ്. പക്ഷേ മരണം എന്ന് എവിടെ വെച്ചായിരിക്കുമെന്ന് ആരും അറിയുന്നില്ല. നാളെ സ്വ ഗൃഹത്തില്‍ മരിക്കുമെന്ന് ഉത്കണ്ഠപ്പെട്ടവര്‍ വര്‍ഷങ്ങളോളം പിന്നെയും ജീവിക്കുന്നു. അനേക പതിറ്റാണ്ടുകള്‍ ഇനിയും ജീവിക്കുമെന്ന് സ്വപ്നം കണ്ട യുവാവ് ഒരുനാള്‍ പുലര്‍ന്നപ്പോള്‍ മൃത ദേഹമായി കാണപ്പെടുന്നു.

إِنَّ اللَّهَ عِندَهُ عِلْمُ السَّاعَةِ وَيُنَزِّلُ الْغَيْثَ وَيَعْلَمُ مَا فِي الْأَرْحَامِ ۖ وَمَا تَدْرِي نَفْسٌ مَّاذَا تَكْسِبُ غَدًا ۖ وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ تَمُوتُ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ ﴿٣٤﴾

34. ഉയിര്‍ത്തെഴുന്നേല്‍പിന്റെ സമയജ്ഞാനം അല്ലാഹുവിങ്കല്‍ മാത്രമാകുന്നു. മഴയിറക്കുന്നതും അവന്‍ തന്നെ. ഗര്‍ഭാശയത്തിലുള്ളതെന്തെന്ന് അവനറിയുന്നു. നാളെ താന്‍ എന്തു സമ്പാദിക്കുമെന്ന് യാതൊരാളും അറിയുന്നില്ല. ഏതു ഭൂമിയില്‍ വച്ച് മരിക്കുമെന്നും യാതൊരാളും അറിയുന്നില്ല. ഒക്കെയും വിശദമായി അറിയുന്നതും അഗാധമായി ഗ്രഹിക്കുന്നതും അല്ലാഹു മാത്രമാകുന്നു.

**34**

إِنَّ اللَّهَ = നിശ്ചയമായും അല്ലാഹു عِندَهُ = അവങ്കല്‍(മാത്രം) ആകുന്നു
عِلْمُ السَّاعَةِ = (ഉയിര്‍ത്തെഴുന്നേല്‍പിന്റെ) സമയജ്ഞാനം وَيُنَزِّلُ = അവന്‍(തന്നെ) ഇറക്കുന്നു(ന്നതും)
الْغَيْثَ = മഴ وَيَعْلَمُ = അവന്‍ അറിയുന്നു مَا فِي الْأَرْحَامِ = ഗര്‍ഭാശയത്തിലുള്ളത് (എന്തെന്ന്)
وَمَا تَدْرِي نَفْسٌ = യാതൊരാളും അറിയുന്നില്ല مَّاذَا تَكْسِبُ = അയാള്‍ എന്തു സമ്പാദിക്കുമെന്ന്
غَدًا = നാളെ وَمَا تَدْرِي نَفْسٌ = യാതൊരാളും അറിയുന്നില്ല بِأَيِّ أَرْضٍ = ഏതു ഭൂമിയില്‍ വെച്ച്
تَمُوتُ = മരിക്കും(എന്നും) إِنَّ اللَّهَ = നിശ്ചയം അല്ലാഹു (മാത്രമാകുന്നു)
عَلِيمٌ = (ഒക്കെയും വിശദമായി) അറിയുന്ന(തും)വന്‍ خَبِيرٌ = അഗാധമായി ഗ്രഹിക്കുന്ന(തും)വനും

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം, ഒരു ബദവി (ഗ്രാമീണന്‍) വന്ന് പ്രവാചകനോട് ഇങ്ങനെ ആവശ്യപ്പെട്ടതാണെന്ന് മുജാഹിദ് പ്രസ്താവിച്ചതായി ഇബ്നു ജരീറും ഇബ്നു അബീഹാതിമും നിവേദനം ചെയ്തിരിക്കുന്നു: 'എന്റെ ഭാര്യ ഗര്‍ഭിണിയാണ്. അവള്‍ പ്രസവിക്കുന്നതെന്തായിരിക്കുമെന്ന് നിങ്ങള്‍ പറഞ്ഞുതരണം. എന്റെ നാടിനെ വരള്‍ച്ച ബാധിച്ചിരിക്കുന്നു. എപ്പോഴാണ് മഴ പെയ്യുകയെന്ന് പറയൂ. ഞാന്‍ ജനിച്ചതെപ്പോഴാണെന്നെനിക്കറിയാം. എപ്പോഴാണെന്റെ മരണമെന്ന് പറയൂ.' ഈ സന്ദര്‍ഭത്തിലാണ് إِنَّ اللَّهَ عِندَهُ عِلْمُ السَّاعَةِ....... എന്ന സൂക്തം അവതരിച്ചത്. ചില നിവേദനങ്ങളില്‍ അന്ത്യനാള്‍ എപ്പോള്‍ സംഭവിക്കുമെന്നും നാളെ താന്‍ എന്തു സമ്പാദിക്കുമെന്നും കൂടി ഗ്രാമീണന്‍ ചോദിച്ചതായി പറയുന്നുണ്ട്. ചോദ്യകര്‍ത്താവിന്റെ പേര് അംറുബ്നു ഹാരിസ എന്നാണെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്‍ പരലോക വിചാരണയെക്കുറിച്ച് താക്കീതു ചെയ്യുമ്പോഴൊക്കെ ഓ, താന്‍ കുറേകാലമായല്ലോ

ഉയിർത്തെഴുന്നേൽപ്, വിചാരണ എന്നൊക്കെ പറഞ്ഞ് ഞങ്ങളെ ഭീഷണിപ്പെടുത്തുന്നു. അത് സംഭവിക്കാനുള്ളതാണെങ്കിൽ എന്നാണത് സംഭവിക്കുക എന്ന് ഒന്ന് പറയൂ എന്ന് പരലോകനിഷേധികൾ നിരന്തരം ആവശ്യപ്പെടാറുണ്ടായിരുന്നു. ഗ്രാമീണന്റെ ചോദ്യത്തിനും നിഷേധികളുടെ വെല്ലുവിളിക്കും മറുപടിയായി ഉയിർത്തെഴുന്നേൽപിന്റെ സമയജ്ഞാനം അല്ലാഹുവിങ്കൽ മാത്രമുള്ളതാണെന്നും മറ്റു കാര്യങ്ങളുടെയും യഥാർഥ അവസ്ഥ അവനേ അറിയുന്നുള്ളൂ എന്നും വ്യക്തമാക്കുകയാണീ സൂക്തം. അതോടൊപ്പം മുൻ സൂക്തം സൂചിപ്പിച്ച, അല്ലാഹുവിനെക്കുറിച്ചുള്ള അവിശ്വാസികളുടെ തെറ്റിദ്ധാരണയെ -അല്ലാഹു ഈ പ്രപഞ്ചം സൃഷ്ടിച്ചുവിട്ട് മാറി നിൽക്കുകയാണെന്നും അവൻ പ്രപഞ്ചത്തിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുകയോ മനുഷ്യകർമങ്ങൾ നിരീക്ഷിക്കുകയോ ചെയ്യുന്നില്ലെന്നുമുള്ള വിചാരം- ദൂരീകരിക്കുകയും ചെയ്യുന്നു.

സൂക്തസാരം: ഉയിർത്തെഴുന്നേൽപിന്റെ സമയം കൃത്യമായി അറിയുന്നത് അല്ലാഹു മാത്രമാകുന്നു. അവൻ നിർണയിച്ച സമയത്ത് നിർണിത രൂപത്തിൽ അത് സംഭവിക്കും. അത് സംഭവിക്കുക അനിവാര്യമാണെന്നു മാത്രമേ നിങ്ങളെ അറിയിക്കുന്നുള്ളൂ. അതിനു രണ്ട് കാരണമുണ്ട്: 1. ഉയിർത്തെഴുന്നേൽപ് സമയത്തിന്റെ അജ്ഞേയം ഭൗതിക ജീവിതത്തിന്റെ പരീക്ഷണ സ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. അല്ലാഹുവിനെ കാണാതെ തന്നെ അവനിലും അവന്റെ കഴിവുകളിലും വിശ്വസിക്കുന്നതുപോലെ സൃഷ്ടികൾ പരലോകത്തിലും വിശ്വസിക്കുകയും അതിനെ നേരിടാൻ തയാറാവുകയും വേണം. غيب -അഗോചര സത്യങ്ങൾ-ൽ വിശ്വസിക്കുകയും അതിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നുവോ ഇല്ലേ എന്നതാണ് പരീക്ഷണം. ഓരോ വ്യക്തിയും ജീവിതത്തിന്റെ ഓരോ നിമിഷവും പിന്നിടേണ്ടത് അല്ലാഹുവിങ്കൽ നിന്നുള്ള അന്ത്യവിചാരണയെ പ്രതീക്ഷിച്ചുകൊണ്ടാണ്. ലോകാവസാനം ഇന്നയാണ്ടിൽ ഇന്ന മാസത്തിൽ ഇന്ന തീയതിക്ക് സംഭവിക്കുമെന്ന് ഒരുവേള കൃത്യമായി വെളിപ്പെടുത്തിയെന്നിരിക്കട്ടെ. എന്നാലും അവിശ്വാസികൾ വിശ്വസിക്കാൻ തയാറാവില്ല. അവർക്ക് അതിന്റെ സംഭവ്യത ഗോചരമായിരിക്കണം. അതിന് ഭൗതികതയുടെ മറ നീക്കേണ്ടതുണ്ട്. അത് നീക്കപ്പെടുന്നതോടെ പരീക്ഷണം അപ്രസക്തമാകുന്നു. 2. ഉയിർത്തെഴുന്നേൽപ് ഒരു കാലാതീത പ്രതിഭാസമാണ്. ജീവിച്ചിരിക്കുന്നവർക്ക് മാത്രമേ അത് അടുത്തോ അകലെയോ എന്ന പ്രശ്നമുള്ളൂ. ഒരുവൻ മരിച്ചുകഴിഞ്ഞാൽ ഉടനെ അവന്റെ ഉയിർത്തെഴുന്നേൽപ് നിലവിൽ വരികയായി. ജീവിതത്തിലും മരണത്തിലുമായി ഏതാനും നാഴികകളേ താൻ കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്നാണപ്പോൾ അവന് തോന്നുക.

ഒരു സംഭവം എപ്പോഴാണുണ്ടാവുക എന്ന് അറിയാതിരിക്കുക അങ്ങനെയൊരു സംഭവം ഉണ്ടാവില്ല എന്നു തീരുമാനിക്കാനുള്ള ന്യായമാകുന്നില്ല. ഭൗതിക ലോകത്ത് സംഭവിക്കുമെന്ന് ഉറപ്പുള്ള പല സംഭവങ്ങളും എപ്പോഴാണ് സംഭവിക്കുക എന്ന് നമുക്കറിഞ്ഞുകൂടാ. മഴ എപ്പോൾ എവിടെ എങ്ങനെ പെയ്യുമെന്ന് നമുക്കറിഞ്ഞുകൂടാ. എങ്കിലും അത് പെയ്യുമെന്ന് ഉറപ്പാണ്. എപ്പോൾ എവിടെ പെയ്യുമെന്നറിയാത്തതുകൊണ്ട് ഇനി ഒരിക്കലും മഴ പെയ്യില്ലെന്ന് ആരും വിശ്വസിക്കുന്നില്ലല്ലോ. മഴ പെയ്യിക്കുന്നത് അല്ലാഹുവാണ്. അവനുദ്ദേശിക്കുമ്പോൾ ഉദ്ദേശിച്ചിടത്ത് ഉദ്ദേശിച്ച വിധത്തിൽ അത് പെയ്യും. അത്തരം കാര്യങ്ങളൊന്നും അല്ലാഹുവല്ലാതെ ആരും അറിയുന്നില്ല. അതുപോലെ ഒരു സ്ത്രീയുടെ ഗർഭാശയത്തിൽ എന്താണുണ്ടാവുക എന്നും അല്ലാഹുവല്ലാതെ ആരും അറിയുന്നില്ല. ശാരീരികമായ മാറ്റങ്ങളനുഭവപ്പെടുമ്പോഴേ ആ സ്ത്രീ പോലും താൻ ഗർഭിണിയാണെന്നറിയുന്നുള്ളൂ. അപ്പോഴും ഭ്രൂണം വൈകല്യമില്ലാത്തതാണോ, ആണാണോ, പെണ്ണാണോ, ആരോഗ്യത്തോടെ പ്രസവിക്കപ്പെടുന്നതാണോ, ചാപ്പിള്ളയാകുമോ എന്നൊന്നും കൃത്യമായി അറിയാൻ കഴിയില്ല. അതൊക്കെ അല്ലാഹു മാത്രം അറിയുന്ന അഗോചരമായ കാര്യങ്ങളാകുന്നു. മഴ എപ്പോൾ പെയ്യുമെന്ന് പ്രവചിക്കാനും ഗർഭാശയത്തിലുള്ളത് ആണോ പെണ്ണോ എന്നും വൈകല്യമുള്ളതോ ഇല്ലാത്തതോ എന്നുമൊക്കെ മനസ്സിലാക്കാനും ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യകളാൽ മനുഷ്യന് കഴിയുന്നുവെന്നത് ഈ പ്രസ്താവനയുടെ നിഷേധമല്ലേ എന്നു തോന്നാം. സംഭവങ്ങളെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ അറിവും മനുഷ്യന്റെ അറിവും വ്യത്യസ്തമാണ്. അല്ലാഹുവിന്റെ അറിവ് മൗലികവും നിരുപാധികവുമാണ്. അതുണ്ടാവാൻ അവന് അന്വേഷണമോ ഗവേഷണമോ ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതിക വിദ്യകളുടെയും സഹായമോ ഒന്നും വേണ്ട. അല്ലാഹു-സാക്ഷാൽ ദൈവം- ആയിരിക്കുന്നതിന്റെ അനിവാര്യതയാണ് സ്ഥലകാലാതീതവും ദൃശ്യാദൃശ്യ നിരപേക്ഷവുമായ കേവല ജ്ഞാനം. പ്രപഞ്ചത്തിന്റെ ഓരോ കോശത്തെയും അത് ചൂഴ്ന്നു നിൽക്കുന്നു. മാനുഷിക ജ്ഞാനം ആർജിതമാണ്. ഇന്ദ്രിയാനുഭവങ്ങളിലൂടെ ലഭിക്കുന്നതാണ്. ഒരിന്ദ്രിയത്തിലൂടെ അറിയാനാവാത്തത് നാം മറ്റൊരു ഇന്ദ്രിയത്തിലൂടെ അറിയുന്നു. മതിലിനപ്പുറത്തു നിന്ന് ജീവിയുടെ ശബ്ദം കേൾക്കുമ്പോൾ നാം അവിടെ ജീവിയെ കാണുന്നത് ദർശനേന്ദ്രിയത്തിനു പകരം ശ്രവണേന്ദ്രിയം കൊണ്ടാണ്. ഇങ്ങനെ അടയാളങ്ങൾ കൊണ്ടും ലക്ഷണങ്ങൾ കൊണ്ടും നമുക്ക് കാര്യങ്ങൾ അറിയാം. കാറ്റിന്റെ ഗതിയും കാർമേഘങ്ങളുടെ നീക്കവും കണ്ട് കർഷകർ മഴ പ്രവചിക്കുന്നു. കാറ്റിന്റെ ഗതിയും അന്തരീക്ഷത്തിലെ ഊഷ്മാവും ഈർപ്പവുമൊക്കെ നിരീക്ഷിച്ചു തന്നെയാണ് കാലാവസ്ഥാ നിരീക്ഷണ പടുക്കളും കാലാവസ്ഥ പ്രവചിക്കുന്നത്. അവർ ചെയ്യുന്നത് സാധാരണ കർഷകരുടെ ലക്ഷണജ്ഞാനത്തെ കുറേകൂടി വികസിപ്പിക്കുകയും കൃത്യത വരുത്തുകയുമാണ്. ഭ്രൂണജ്ഞാനവും ഇതുപോലെ തന്നെ. ഗർഭിണിയുടെ ഉദര വികസനവും അകത്തെ ചലനവും നിരീക്ഷിച്ച് കുറേയൊക്കെ ഭ്രൂണത്തെ വിധിക്കാൻ പണ്ടുള്ളവർക്ക് കഴിഞ്ഞിരുന്നു. ആധുനിക ശാസ്ത്രത്തിന്റെ വളർച്ചയും അത് സൃഷ്ടിച്ച സ്കാനർ പോലുള്ള നവീനോപകരണങ്ങളുടെ ആവിർഭാവവും ഗർഭസ്ഥ ശിശുക്കളെ കുറിച്ച് കൂടുതൽ വ്യക്തമായ അറിവ് ലഭിക്കാൻ സഹായിക്കുന്നുണ്ട്. അതുവഴി ലഭിക്കുന്ന ജ്ഞാനം അഗോചര ജ്ഞാനമല്ല, ഇന്ദ്രിയഗോചരമായ ജ്ഞാനം തന്നെയാണ്. സർവോപരി ഈ മാനുഷിക ജ്ഞാനം തന്നെയും നിഗമനങ്ങളാണ്. അത് ശരിയാവാം. തെറ്റുമാവാം. കാലാവസ്ഥാ പ്രവചനങ്ങളിൽ ഇത് രണ്ടും സാധാരണ അനുഭവപ്പെടാറുള്ളതാണ്. ഗർഭസ്ഥ ശിശുക്കളുടെ വലിപ്പം, വളർച്ച, ലിംഗം, ന്യൂനത, പൂർണത തുടങ്ങിയ കാര്യങ്ങളൊക്കെ ഡോക്ടർമാർക്ക് വീഡിയോയിലെന്ന വണ്ണം കാണാൻ കഴിയുന്ന സംവിധാനങ്ങൾ ഇന്നുണ്ട്. എന്നിട്ടും

അവർ ആരോഗ്യത്തോടെ ജനിക്കുമെന്ന് പ്രവചിച്ച ഭ്രൂണം ചിലപ്പോൾ ഛിദ്രിച്ചുപോകുന്നു, ചാപ്പിള്ളയായി ജനിക്കുന്നു. നിലനിർത്തുന്നത് അപായകരമാണെന്നും എടുത്തു കളയണമെന്ന് നിർദേശിച്ച ഭ്രൂണങ്ങൾ ആരോഗ്യമുള്ള ശിശുക്കളായി പിറന്നുവീഴുന്നു.

തൊഴിലാളി നാളെയും തൊഴിലെടുക്കുന്നതിന് ഇന്ന വേതനം ലഭിക്കുമെന്നും കച്ചവടക്കാരൻ തന്റെ കച്ചവടത്തിൽ ഭാവിയിൽ ഇത്ര ലാഭമുണ്ടാക്കുമെന്നും കർഷകന് തന്റെ വിള ഇത്ര മേനി വിളയുമെന്നും ഉറപ്പിക്കുന്നു. ഈ ഉറപ്പിന്റെ പുറത്താണ് അവർ പ്രവർത്തിക്കുന്നത്. ഇത്തരം അറിവുകൾ യഥാർഥത്തിൽ പ്രതീക്ഷകളാണ്. തൊഴിലാളിക്ക് നാളെ തൊഴിൽ ചെയ്യാനാവണമെന്നില്ല. രോഗം, തൊഴിലാളിയുടെയോ തൊളിലുടമയുടെയോ മരണം, തൊഴിൽ സ്ഥാപനത്തിന്റെ നാശം അങ്ങനെ അവനറിയാത്ത എത്രയോ കാരണങ്ങൾ തൊഴിലാളിയുടെയും കച്ചവടക്കാരന്റെയും കർഷകന്റെയും പ്രതീക്ഷകളെ തകർത്തേക്കാം. നമ്മൾ എത്ര ആസൂത്രിതമായി തയാറാക്കുന്ന പദ്ധതികളും ലക്ഷ്യത്തിലെത്തണമെന്നില്ല. രാജ്യങ്ങൾക്ക് ആസൂത്രണ കാര്യാലയങ്ങളുണ്ട്. അതിൽ അത്യുന്നതരായ സാമ്പത്തിക, ശാസ്ത്ര-സാങ്കേതിക വിദഗ്ധർ കൂടിയിരുന്നാലോചിച്ചാണ് രാജ്യത്തിന്റെ വികസന പദ്ധതികൾ തയാറാക്കുന്നത്. എത്ര പദ്ധതികൾ ലക്ഷ്യം നേടാറുണ്ട്? ഇന്ത്യക്ക് പഞ്ചവത്സര പദ്ധതികളുണ്ടായിരുന്നു. എത്ര പദ്ധതികൾ പൂർണ ലക്ഷ്യത്തിലെത്തി? ഓരോ വർഷവും നിശ്ചിത ടൺ നെല്ലും ഗോതമ്പും ഉൽപാദിപ്പിക്കാൻ സർക്കാർ പദ്ധതിയിടുന്നു. ചില വർഷങ്ങളിൽ പദ്ധതിയിട്ടതിന്റെ അടുത്തെങ്ങും ഉൽപാദനം എത്തുന്നില്ല. മറ്റു ചില വർഷങ്ങളിൽ പ്രതീക്ഷിച്ചതിലേറെ വിളവുണ്ടാകുന്നു. മനുഷ്യന്റെ പദ്ധതികളെയും പരിപാടികളെയും ആശ്രയിച്ചല്ല, കാലാവസ്ഥാ വ്യതിയാനങ്ങളെ ആശ്രയിച്ചാണ് കാർഷിക വിളയുടെ വൃദ്ധിക്ഷയങ്ങൾ. ഈ വ്യതിയാനങ്ങൾ കൃത്യമായി അറിയുന്നത് കാലാവസ്ഥയുടെ നിയന്താവായ പ്രപഞ്ച വിധാതാവാണ്. അവൻ നിശ്ചയിക്കുന്നതനുസരിച്ചാണ് വൃഷ്ടിയും വിളയും.

ജനിച്ചവരൊക്കെ മരിക്കുന്നത് അനുഭവ യാഥാർഥ്യമാകയാൽ താൻ മരിക്കുമെന്ന് എല്ലാവർക്കും ഉറപ്പാണ്. പക്ഷേ മരണം എന്ന് എവിടെ വെച്ചായിരിക്കുമെന്ന് ആരും അറിയുന്നില്ല. നാളെ സ്വഗൃഹത്തിൽ മരിക്കുമെന്ന് ഉത്കണ്ഠപ്പെട്ടവർ വർഷങ്ങളോളം പിന്നെയും ജീവിക്കുന്നു. അനേക പതിറ്റാണ്ടുകൾ ഇനിയും ജീവിക്കുമെന്ന് സ്വപ്നം കണ്ട യുവാവ് ഒരുനാൾ പുലർന്നപ്പോൾ മൃതദേഹമായി കാണപ്പെടുന്നു. പ്രിയപ്പെട്ട കുടുംബവുമായി സന്ധിക്കാൻ സാമോദം വിദേശത്തുനിന്ന് പുറപ്പെട്ട യുവാവിന്റെ ജീവനറ്റ ജഡമാണ് ചിലപ്പോൾ വീട്ടിലെത്തുന്നത്. ജനനത്തിന്റെ എന്ന പോലെ മരണത്തിന്റെയും കൃത്യമായ അറിവ് നമുക്കില്ല. ഉള്ളത് അനുമാനങ്ങളും നിഗമനങ്ങളുമാണ്. അത് ചിലപ്പോൾ ശരിയാവാം. സംഭവങ്ങൾ നടക്കുന്നത് മനുഷ്യന്റെ അനുമാനങ്ങളനുസരിച്ചല്ല. അല്ലാഹുവിന്റെ അറിവും നിശ്ചയവുമനുസരിച്ചാണ്. അല്ലാഹുവിന്റെ അറിവ് അടയാളങ്ങളും ലക്ഷണങ്ങളും പഠിച്ച് ആർജിച്ചതല്ല. അവന്റെ സത്തയുടെ അനിവാര്യതയും അനാദിയുമായ കേവല ജ്ഞാനമാണത്.

ഉയിർത്തെഴുന്നേൽപു സമയ വിവരം അവങ്കൽ മാത്രമാണുള്ളതെന്ന് പറഞ്ഞ ശേഷം മഴയിറക്കുന്നത് അവനാണെന്നും ഗർഭാശയത്തിലുള്ളതെന്തെന്ന് അവൻ അറിയുന്നു എന്നും പറയുന്നത് ഭ്രൂണത്തിന്റെ ഭൂത-വർത്തമാന-ഭാവി പരിണാമങ്ങളൊക്കെയും സൂക്ഷ്മമായി അറിയുന്നത് അവനാകുന്നു എന്ന അർഥത്തിലാണ്. ലക്ഷണങ്ങളിലൂടെയും ഉപകരണങ്ങളിലൂടെയും ഗോചരമാകുന്ന കാര്യങ്ങൾ മനുഷ്യനറിയുന്നതിനെ ഇത് നിഷേധിക്കുന്നില്ല. ഭാവി നേട്ടകോട്ടങ്ങളെക്കുറിച്ചും മരണസ്ഥലത്തെക്കുറിച്ചും മനുഷ്യർക്ക് നിഷേധിക്കുന്ന അറിവും മുകളിൽ സൂചിപ്പിച്ച സ്ഥലകാലനിരപേക്ഷവും അനാദിയുമായ അറിവാണ്. എല്ലാ അറിവിന്റെയും ഉടമ എന്ന അർഥത്തിലാണ് അല്ലാഹുവിനെ عَلِيمٌ എന്നും خَبِيرٌ എന്നും വിശേഷിപ്പിക്കുന്നത്. എല്ലാ കാര്യങ്ങളും ഏറ്റവും നന്നായും വിശദമായും അറിയുന്നവനാണ് عَلِيمٌ. ആഴത്തിലും സൂക്ഷ്മമായും അറിയുന്നവനാണ് خَبِيرٌ. അനുഭവജ്ഞാനം, പ്രയോഗജ്ഞാനം എന്നീ ആശയങ്ങളും വഹിക്കുന്ന പദമാണ് خُبْرَة. മുകളിൽ സൂചിപ്പിച്ച സംഗതികളിലെല്ലാം സൂക്ഷ്മവും വിശദവുമായ അറിവും പ്രയോഗവൈദഗ്ധ്യവുമുള്ളവനാണ് അല്ലാഹു എന്നാണ് إِنَّ اللَّهَ عَلِيمٌ خَبِيرٌ -ന്റെ താൽപര്യം.

●

الحمد لله الذي وفّقني لإتمام تنوير سورة لقمان